കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലെ ഒഴിവുകൾ

81 (7642) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികയിൽ എത്രപേർ താല്ക്കാലികമായി ജോലി നോക്കുന്നുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) കൊല്ലം സി.ജെ.എം. കോടതിക്കു കീഴിലുള്ള പെറ്റി കോടതിയിൽ എൽ.ജി.എസ്. തസ്തികയിൽ എത്ര താല്ക്കാലിക ജീവനക്കാർ ജോലി നോക്കുന്നുണ്ട് ; എത്രകാലമായി ഇവർ ജോലി ചെയ്യുന്നുണ്ട് ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ഇംഗ്ലീഷ്) റാങ്ക് ലിസ്റ്റ്

82 (7643) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ & ജൂനിയർ) റാങ്ക് ലിസ്റ്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചതെന്നാണ് ; പ്രസ്തുത ലിസ്റ്റിൽനിന്ന് എത്ര പേർക്ക് നിയമന ശുപാർശ നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര ഒഴിവുകൾ കമ്മീഷൻ മുൻപാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന ശുപാർശകൾ എന്ന് നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

ബിവറേജസ് കോർപ്പറേഷന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ

83 (7645) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി കോർപ്പറേഷൻ സാമൂഹ്യസുരക്ഷാ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ലഹരി ഉപഭോഗംമൂലം രോഗികളായവർക്കുമുള്ള ചികിത്സയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ വിഭാവന ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ലഹരിവിമുക്ത ചികിത്സാ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കെ.എസ്.ബി.സി.-യുടെ വരുമാനത്തിൽ നിന്നും 3.5 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി ഈ തുകയിൽ നിന്നും മൊത്തം 1,00,35,840 രൂപ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 11 ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ കെ.എസ്.ബി.സി. വഴിയുള്ള മദ്യ വില്പനയിൽ 0.3% സെസ് ഏർപ്പെടുത്തുന്നതിനും ടി തുക ഉപയോഗിച്ച് വിവിധ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോർപ്പറേഷന്റെ സാമൂഹ്യ സുരക്ഷാ പദ്ധതി (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി)യുടെ ഭാഗമായി ലഹരിമോചന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 3.50- കോടി രൂപ കോർപ്പറേഷൻ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും നാളിതുവരെ 1,00,35,840 രൂപ (ഒരു കോടി മുപ്പത്തിയയ്യായിരത്തി എണ്ണൂറ്റി നാല്പത് രൂപ) പതിനൊന്ന് ലഹരിമോചന കേന്ദ്രങ്ങൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) ലഹരി വിമുക്ത കേരളം സാക്ഷാത്കരിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ ലഹരി വിമുക്ത ചികിത്സാ ക്യാമ്പ്/ചികിത്സ നടത്തുന്നതിന് ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ പരിശോധനകൾ നടത്തി കണ്ടെത്തുന്നതിനായി സംസ്ഥാനതല സമിതിയും ജില്ലാതല സമിതികളും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ അംഗവുമായാണ് ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുള്ളത്. എക്സൈസ് കമ്മീഷണർ ചെയർമാനായും കെ.എസ്.ബി.സി. മാനേജിംഗ് ഡയറക്ടർ കൺവീനറായും സാമൂഹ്യനീതി ഡയറക്ടർ, ഒരു

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യ പ്രവർത്തക എന്നിവർ അംഗമായുമാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്. 23-8-2013-ലെ ജി.ഒ(എംഎസ്.)നമ്പർ.147/2013/നി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്കും സർക്കാർതലത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച അപേക്ഷകൾ ടി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ജില്ലാതല സമിതിയുടെയും സംസ്ഥാനതല സമിതിയുടെയും പരിശോധനകൾക്കുശേഷം ശിപാർശചെയ്ത 11 സ്ഥാപനങ്ങൾക്ക് 9-6-2014 തീയതിയിലെ ജി.ഒ (എം എസ്.) നമ്പർ.86/2014/നി.വ് ഉത്തരവ് പ്രകാരം 1,00,35,840 രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ആദ്യ തവണയായി 40,14,336 രൂപ ഈ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ തുക വിനിയോഗം, പുരോഗതി എന്നിവ സംബന്ധിച്ച വിശകലനങ്ങൾ യഥാസമയം എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

സമ്പൂർണ്ണ മദ്യനിരോധനം

84 (7647) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര കാലത്തിനുള്ളിൽ സംസ്ഥാനത്ത് സമ്പൂർണ്ണ മദ്യനിരോധനം കൊണ്ടുവരാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) മദ്യനിരോധനം ഗവൺമെന്റിന്റെ നയമല്ല. ബോധവത്കരണത്തിലൂടെ മദ്യവർജ്ജനമാണ് സർക്കാർ ലക്ഷ്യം.

എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ

85 (7648) ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് ഉദ്യോഗസ്ഥർക്ക് ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം കാര്യങ്ങൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly